ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ&ബി) ഇല്ല.

(സി) ഇത് സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഇക്കാര്യം സജീവ പരിഗണനയിലാണ്.

കേരള വികസന പദ്ധതി

9 (*758) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വികസന പദ്ധതി എന്നുമുതലാണ് കേരളത്തിൽ പ്രവർത്തനം ആരംഭിച്ചത് ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) ഈ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നടപടികളാണ് ഇതുവരെ ഏറ്റെടുത്തിട്ടുള്ളത് ;

(ഡി) ഈ പദ്ധതിയുടെ വിജയം ഏത് അളവുവരെയുണ്ട് എന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) 30-12-2002-ലെ ജി.ഒ.(പി) 208/02/തവസ്വഭവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള വികസന പദ്ധതി ഡിസംബർ 9-ന് ഉദ്ഘാടനം ചെയ്തു.

(ബി) ജനകീയാസൂത്രണം പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച പ്രസ്ഥാനമാണ്. അതിലൂടെ നേടിയ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഉചിതമല്ലാത്ത നടപടിക്രമങ്ങളും സംവിധാനങ്ങളും ഒഴിവാക്കി, വികേന്ദ്രീകൃതാസൂത്രണം വ്യവസ്ഥാപിതമാക്കുകയെന്നതാണ് കേരള വികസന പദ്ധതിയുടെ ലക്ഷ്യം. വികേന്ദ്രീകൃതാസൂത്രണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വീകാര്യമായ സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുക, പദ്ധതികൾ കൂടുതൽ കാര്യക്ഷമതയോടും ചെലവ് ചുരുക്കിയും നടപ്പാക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുക, ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, ത്രിതല പഞ്ചായത്തുകൾ തമ്മിലുള്ള ഐക്യബന്ധം കൂടുതൽ ദൃഢമാക്കുക, ജനങ്ങളുടെ പ്രതികരണം ഉൾക്കൊണ്ട് ഭരണം നടത്താൻ തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുക, സംയോജിത പ്രോജക്ടുകളും ബഹുവർഷ പ്രോജക്ടുകളും തയ്യാറാക്കി നിർവ്വഹണം നടത്തുന്നതിന് സാഹചര്യം സൃഷ്ടിക്കുക ; മുതലായവയാണ് കേരള വികസന പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) വികേന്ദ്രീകൃതാസൂത്രണം വ്യവസ്ഥാപിതമാക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുംവേണ്ടി ബൃഹത്തായ ഒരു പ്രചാരണ പരിപാടിയും ഒരു ആക്ഷൻ പ്ലാനുമാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്.

ഒരു മാസക്കാലം നീണ്ടുനിന്ന പ്രചാരണ പരിപാടിയുടെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ വിവരിക്കുന്നു :

1. ജില്ലാ ആസൂത്രണ സമിതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ജില്ലാതല ശിൽപ്പശാലകൾ സംഘടിപ്പിച്ചു.
2. ഗ്രാമപഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും പരാതി പരിഹാര അദാലത്തുകൾ സംഘടിപ്പിച്ചു.
3. തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റ് ആരംഭിച്ചു.
4. തിരുവനന്തപുരം ഒഴികെ നാല് കോർപ്പറേഷനുകളിലെ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുകയുണ്ടായി.
5. വിദ്യാർത്ഥികൾക്ക് ക്വിസ്, പ്രബന്ധ രചനാമത്സരങ്ങൾ സംഘടിപ്പിച്ചു.
6. സംസ്ഥാന വികസന കൗൺസിൽ യോഗംചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ആക്ഷൻ പ്ലാൻ സർക്കാർ അംഗീകരിക്കുകയും ചെയ്തു.
7. സർക്കാർ നവീകരണ പരിപാടി ആരംഭിച്ചു. ഈ നവീകരണ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ പുനഃരുദ്ധരിക്കുക.

(ബി) സോഷ്യൽ ഓഡിറ്റ് ഏർപ്പെടുത്തുക.

(സി) പൗരാവകാശരേഖ പ്രസിദ്ധീകരിക്കുക.

(ഡി) പൗരസേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുക.

(ഇ) അക്കൗണ്ടുകളും രജിസ്റ്ററുകളും പുതുക്കി തയ്യാറാക്കുക.

(എഫ്) ഇൻഫർമേഷൻ ടെക്നോളജിയിൽ അധിഷ്ഠിതമായ സേവനങ്ങൾ പ്രാവർത്തികമാക്കുക.

(ജി) ഫ്രീസോഫ്റ്റ്വെയർ പ്രയോജനപ്പെടുത്തുക.

(എച്ച്) ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയ കൃഷിഫാമുകളുടെ വികസനം.

(ഐ) ഏക ഗ്രാമ കുടിവെള്ള പ്രോജക്ടുകൾ പുനഃരുദ്ധരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുക.

(ജെ) സ്വത്ത് നികുതി നിർണ്ണയത്തിന്റെ ചട്ടങ്ങൾ പുതുക്കി തയ്യാറാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(കെ) ധനകാര്യ മാനേജ്മെന്റിലെ കാര്യശേഷി വർദ്ധിപ്പിക്കുക.

(എൽ) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ സേവന നിലവാരം മെച്ചപ്പെടുത്തുക.

(എം) ഈ പരിപാടികൾ 2003-04-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു.

വിവിധ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥ പുനർവിന്യാസം നടത്തിക്കഴിഞ്ഞു.

(ഡി) കേരള വികസന പദ്ധതി പൂർത്തിയായിട്ടില്ലാത്തതിനാൽ വിലയിരുത്തുവാൻ സമയമായിട്ടില്ല.

കേരള സെക്കന്ററി ഹെൽത്ത് സിസ്റ്റംസ് ഡെവലപ്മെന്റ് പ്രോജക്ട്

10 (*759) ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യമേഖലയുടെ സമഗ്രവികസനത്തിനായി ലോക ബാങ്കിന്റെയും നബാർഡിന്റെയും ധനസഹായത്തോടെ നടപ്പിലാക്കുന്ന കേരള സെക്കന്ററി ഹെൽത്ത് സിസ്റ്റംസ് ഡെവലപ്മെന്റ് പ്രോജക്ട് ഇപ്പോൾ ഏത് സ്റ്റേജിലിരിക്കുന്നുവെന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ കമ്മ്യൂണിറ്റി സെന്ററുകളുടെയും പ്രൈമറി ഹെൽത്ത് സെന്ററുകളുടെയും കെട്ടിടങ്ങളും മറ്റ് അടിസ്ഥാനസൗകര്യങ്ങളും മെച്ചപ്പെടുത്തുവാൻ ഗവൺമെന്റ് തയ്യാറാക്കി നബാർഡിൽ സമർപ്പിച്ച പദ്ധതിക്ക് സാമ്പത്തികസഹായം ലഭിച്ചിട്ടുണ്ടോ ;

(സി) ആയത് നടപ്പിലാക്കുന്നതിലെ കാലതാമസം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത കാലതാമസം ഒഴിവാക്കി ഈ പദ്ധതി നടപ്പിലാക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ആരോഗ്യ മേഖലയുടെ സമഗ്രവികസനത്തിനായി തയ്യാറാക്കിയ 810 കോടി രൂപയുടെ ഹെൽത്ത് സിസ്റ്റം പ്രോജക്ട് ഇപ്പോൾ ലോകബാങ്കിന്റെ പരിഗണനയിലാണ്. ഈ പദ്ധതിക്ക് നബാർഡിന്റെ ധനസഹായം ഇല്ല.

(ബി) സാമ്പത്തികസഹായം ലഭിച്ചിട്ടില്ല.

(സി&ഡി) 2002-03 വർഷം ഗ്രാമീണ ആരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനായി 49 കോടി രൂപ ചെലവുവരുന്ന പ്രൊപ്പോസലുകൾ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 2003-04 വർഷത്തേക്ക് വേണ്ടി 70 കോടി രൂപയുടെ മറ്റൊരു പ്രോജക്ടും തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly